അന്യസംസ്ഥാന ലോട്ടറി നിരോധനം

113 (1698) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വ്യാപകമായി വിറ്റഴിക്കുന്നതു തടയാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കാൻ നിയമതടസ്സങ്ങളെ ന്തെങ്കിലുമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) തമിഴ്നാട് ഗവൺമെന്റ് അന്യസംസ്ഥാന ലോട്ടറി വിൽപ്പനക്കാർ ക്കെതിരെ പോലീസ് നടപടി സ്വീകരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അറിടെ സ്വീകരിക്കുന്ന നടപടികളെയും, അതിന്റെ നിയമ സാധുതയെയും കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകൾ വിൽക്കുന്നതു തടയാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.†

(ബി) കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം, ചട്ടം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമലംഘനം നടത്തുന്ന ഭാഗ്യക്കുറികൾ നിരോധിക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതി ബി.ആർ. എന്റർപ്രൈസസ് കേസിലെ വിധിയിൽ സംസ്ഥാനം ഒരു ലോട്ടറി ഫ്രീസോൺ ആയിരുന്നാൽ മാത്രമേ മറ്റ് സംസ്ഥാന ലോട്ടറികളെ നിരോധിക്കുവാൻ അധികാരമുള്ളൂ എന്നും, സംസ്ഥാനം ലോട്ടറി നടത്തവേ മറ്റൊന്നിനെ നിരോധിക്കുവാൻ അധികാരമില്ല എന്നും വിധിക്കുകയുണ്ടായി.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ബഹുമാനപ്പെട്ട സുപ്രീം കോടതി ബി.ആർ. എന്റർപ്രൈസസ് കേസിലെ വിധിയിൽ സംസ്ഥാനം ഒരു ലോട്ടറി ഫ്രീസോൺ ആയിരുന്നാൽ മാത്രമേ മറ്റ് സംസ്ഥാന ലോട്ടറികളെ നിരോധിക്കുവാൻ അധികാരമുള്ളൂ എന്നും, സംസ്ഥാനം ലോട്ടറി നടത്തവേ മറ്റൊന്നിനെ നിരോധിക്കുവാൻ അധികാരമില്ല എന്നും വിധിക്കുകയുണ്ടായി. അന്യസംസ്ഥാന ലോട്ടറികളിൽ നിന്നും കേരള പേപ്പർ ലോട്ടറീസ് നിയമപ്രകാരമുള്ള അഡ്വാൻസ് നികുതി ഇപ്പോൾ സ്വീകരിക്കുന്നില്ല. അഡ്വാൻസ് ടാക്സ് അടയ്ക്കാത്ത ടിക്കറ്റുകൾ കേരളത്തിനകത്തേക്ക് കൊണ്ടുവരാനോ നിയമാനുസരണം വിൽപ്പന നടത്തുവാനോ സാധ്യമല്ല. ഇത്തരം ലോട്ടറികൾ സംസ്ഥാനത്ത് വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

† അനുബന്ധം - II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[28-12-2010-ലെ നക്ഷത്രചിഹ്നമിടാത്ത (1698)-ാം നമ്പർ ചോദ്യം കാണുക]

ഈ വിഷയത്തിന്മേൽ വിജിലൻസ് അന്വേഷണം നടത്തുകയും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ 16-10-2006-ലെ റിപ്പോർട്ടിൽ പ്രസ്തുത ഡീലർ കേന്ദ്രനിയമമായ ലോട്ടറീസ് (റെഗുലേഷൻ) ആക്ട് 1998-ന്റെ 4-ാം വകുപ്പ് ലംഘിക്കുന്നതായും, സിക്കിം, ഭൂട്ടാൻ എന്നീ സർക്കാരുകളുടെ ലോട്ടറി ടിക്കറ്റുകളുടെ വിൽപന, നിരോധിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്നും ശുപാർശ ചെയ്തിരുന്നു.

ഇതിനെത്തുടർന്ന് കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് നിയമപ്രകാരം ഉള്ള രജിസ്ട്രേഷൻ റദ്ദാക്കുന്നതിലേക്കായി 27-10-2006-ന് വാണിജ്യ നികുതി വകുപ്പ് അസിസ്റ്റന്റ് കമ്മീഷണർ നോട്ടീസ് നൽകുകയും, 1-11-2006 മുതൽ അഡ്വാൻസ് ടാക്സ് സ്വീകരിക്കുന്നത് നിർത്തുകയും ചെയ്തു. മേഘാ ഡിസ്ട്രിബ്യൂട്ടർക്ക് സിക്കിം ലോട്ടറി വിൽക്കുന്നതിനുള്ള അധികാരം ഇല്ല എന്നും, അവർ പ്രമോട്ടറാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല എന്നതും ആയിരുന്നു നോട്ടീസിലെ മറ്റൊരുവാദം.

ഇതിനെതിരെ ഡീലർ ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചു. ബഹു. കോടതി ഡബ്ല്യു.പി(സി)നം. 301/6&30355/2006, 10-1-2007-ലെ വിധി പ്രകാരം രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതുവരെ പരാതിക്കാരനിൽ നിന്നും നികുതി സ്വീകരിക്കുവാനും രജിസ്ട്രേഷൻ നിലവിലുള്ളിടത്തോളം ഡീലർക്ക് കച്ചവടം നടത്താൻ അനുവാദം നൽകണമെന്നും വിധിച്ചു. ബി. ആർ. എന്റർപ്രൈസ് കേസിലെ സുപ്രീംകോടതി വിധി ഉദ്ധരിച്ചു നൽകിയ വിധിയുടെ 23-ാം ഖണ്ഡിക പ്രകാരം ലോട്ടറി (റെഗുലേഷൻ) ആക്ട്, 1998, സെക്ഷൻ 4 ലംഘിച്ചുകൊണ്ടാണ് ലോട്ടറി നടത്തുന്നതെങ്കിൽ പോലും ഒരു ലോട്ടറി ഫ്രീ സോൺ ആയിരുന്നാൽ മാത്രമേ സംസ്ഥാനത്തിന് ലോട്ടറികളെ നിയന്ത്രിക്കുവാനോ നിരോധിക്കുവാനോ അധികാരമുള്ളൂ എന്ന് പ്രസ്താവിച്ചു. പ്രമോട്ടറുടെ രജിസ്ട്രേഷൻ ഒരിക്കൽ റദ്ദാക്കപ്പെടുന്ന പക്ഷം, അയാൾ കേരള സംസ്ഥാനത്തിൽ ടിക്കറ്റുകൾ കടത്തുന്നതിനും വിൽക്കുന്നതിനും അയോഗ്യനാകുന്നു. അത് ലോട്ടറി ടിക്കറ്റ് വിൽപ്പനയെ നിരോധിക്കൽ ആകും. സംസ്ഥാനത്തിന് 5-ാം വകുപ്പ് പ്രകാരം നടപ്പിലാക്കാൻ കഴിയാത്ത കാര്യം, ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ, ലിസ്റ്റ് II, എൻട്രി 62 പ്രകാരം നിർമ്മിക്കപ്പെട്ട 2005-ലെ കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് ആക്ടിലെ വകുപ്പുകൾ മുഖേന പരോക്ഷമായി ചെയ്യുവാൻ സാദ്ധ്യമല്ല. അതിനാൽ പ്രസ്തുത നോട്ടീസ് നൽകുവാൻ അധികാരമില്ല എന്നും, ആയത് അസാധുവാക്കപ്പെടുത്തുകയും ഉണ്ടായി.

ഇതിനെതിരെ കേരളം, സിക്കിം എന്നീ സംസ്ഥാനങ്ങൾ അപ്പീൽ പോയി ചെയ്യുകയും, ഡബ്ല്യു.എ. 101&256/2007, 30-3-2007-ലെ വിധി പ്രകാരം ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് അസസ്സിംഗ് അതോറിറ്റിക്ക് പരാതിക്കാരൻ സെക്ഷൻ 4 ലംഘിച്ചുവെന്നതിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നോട്ടീസ് നൽകുവാൻ അധികാരമില്ല എന്നു പ്രസ്താവിക്കുകയും ടി നോട്ടീസ് അസ്ഥിരപ്പെടുത്തുകയും ചെയ്തു. വിധിയുടെ 13-ാം ഖണ്ഡികയിൽ, വാണിജ്യനികുതി ഓഫീസർക്ക് പരാതിക്കാരൻ കേന്ദ്ര നിയമത്തിന്റെ 4-ാം വകുപ്പ് ലംഘിച്ചുവോ എന്ന വിഷയം കൈകാര്യം ചെയ്യാൻ അധികാരമില്ല എന്നും പ്രസ്താവിച്ചു. ലോട്ടറി ടിക്കറ്റുകളുടെ അച്ചടി, വിൽപന തുകയുടെ ഡെപ്പോസിറ്റ് എന്നിവയെ സംബന്ധിച്ച്, ആയത് കേന്ദ്ര സർക്കാരും, പരാതിക്കാരനും തമ്മിലുള്ള വിഷയം ആണെന്നും, കേരള സംസ്ഥാനത്തിനോ, കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് ആക്ട്, 2005-ന് കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കോ ആയതിൽ ഇടപെടുവാൻ അധികാരമില്ല എന്നും പ്രസ്താവിക്കുകയുണ്ടായി. സംസ്ഥാനം ഇതിനെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി.

തുടർന്ന് 3-12-2007 ഭൂട്ടാൻ ഗവൺമെന്റ് സോൾ മാർക്കറ്റിംഗ് ഏജന്റിനെ മാറ്റിയ അവസരത്തിലും മേഘാ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ പ്രൊമോട്ടർഷിപ്പ് ചോദ്യം ചെയ്ത് അഡ്വാൻസ് ടാക്സ് സ്വീകരിക്കുവാൻ വകുപ്പ് വിസ്സമ്മതിച്ചു. ഈ നടപടിക്കെതിരെയും പ്രമോട്ടർ ഹൈക്കോടതിയെ സമീപിച്ചു. ഡബ്ല്യു.പി(സി) 36645/2007 ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി 25-2-2008-ലെ വിധിയിൽ മേഘ ഡിസ്ട്രിബ്യൂട്ടറിൽ നിന്ന് അഡ്വാൻസ് ടാക്സ് സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

ഡബ്ല്യു.പി(സി) 36645/2007-ലെ മുഖ്യവാദം ഭൂട്ടാൻ സർക്കാർ അല്ല മറിച്ച് യഥാർത്ഥ പ്രൊമോട്ടർ ആയ മാർട്ടിൻ ലോട്ടറി ഏജൻസീസ് പ്രൈവറ്റ് ലിമിറ്റഡ് ആണ് അധികാരമില്ലാതിരുന്നിട്ടും മേഘ ഡിസ്ട്രിബ്യൂട്ടറെ പ്രൊമോട്ടർ ആയി നിയമിച്ചതെന്നും, ആയതിനാൽ മേഘ ഡിസ്ട്രിബ്യൂട്ടർ സംസ്ഥാന നിയമത്തിന്റെ വകുപ്പ് 2(1) പ്രകാരമുള്ള നിർവചനം നിറവേറ്റുന്നില്ല എന്നതുമായിരുന്നു. ബഹുമാനപ്പെട്ട കോടതി ആയത് കേരള സംസ്ഥാന ഉദ്യോഗസ്ഥർ കൈകാര്യം (attend) ചെയ്യേണ്ട വിഷയമല്ലെന്നും, 7-ാം Respondent ആയ ഭൂട്ടാൻ സർക്കാർ ടി വിഷയം സ്ഥിരീകരിച്ചിട്ടുള്ളതും, പരാതിക്കാരെ പ്രൊമോട്ടറായി നിയമിച്ചുവെന്ന കാര്യം പല പ്രാവശ്യം എതിർകക്ഷിക്കാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതായും പ്രസ്താവിച്ചു. 25-2-2008-ലെ വിധിയിൽ കോടതി അഡ്വാൻസ് നികുതി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. ഇതിനെതിരെ അപ്പീൽ നൽകിയെങ്കിലും ഇടക്കാല സ്റ്റേ അനുവദിക്കപ്പെട്ടില്ല.

കോടതിയുടെ നിർദ്ദേശാനുസരണമാണ് മേഘ ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്നും വാണിജ്യനികുതി വകുപ്പ് അഡ്വാൻസ് ടാക്സ് സ്വീകരിക്കൽ തുടർന്നത്. ഇതിനെതിരെ സംസ്ഥാനം ലഭ്യമായ എല്ലാ അവസരത്തിലും അപ്പീൽ നൽകുകയുണ്ടായി.

സമീപകാലത്ത് നിയമസഭയിലും, പത്രമാദ്ധ്യമങ്ങളിലും ലോട്ടറി വിഷയം ഉയർന്നപ്പോൾ, കേന്ദ്രനിയമത്തിലെ 4-ാം വകുപ്പിന്റെ ലംഘനം ചൂണ്ടിക്കാട്ടി അഡ്വാൻസ് ടാക്സ് സ്വീകരിക്കുന്നത് നിർത്തിവയ്ക്കുകയുണ്ടായി. ഇതിനെതിരെ മേഘ ഡിസിട്രിബ്യൂട്ടേഴ്സ് നിയമനടപടി സ്വീകരിച്ചു. കേസ്

LIBRARY ARCHIVES Kerala Legislative Assembly

വാദിക്കുന്ന സമയത്ത് വകുപ്പ് മറ്റ് വസ്തുതകളുടെ കൂടെ, പ്രൊമോട്ടർ ആണോ അല്ലയോ എന്നതിനെ സംബന്ധിച്ച സർക്കാരിന്റെ സംശയങ്ങൾ ആവർത്തിക്കുകയും ചെയ്തു.

ഡബ്ല്യൂ.എ. 1464, 1470, 1519 & 1769/2010 എന്നീ കേസുകളിലെ 14-10-2010-ലെ വിധിയിൽ മേഘ ഡിസ്ട്രിബ്യൂട്ടർ ഭൂട്ടാൻ ലോട്ടറിയുടെ കേരളത്തിലെ പ്രൊമോട്ടർ ആണെന്ന് ബഹു. ഹൈക്കോടതി വിധി പ്രസ്താവിച്ചു. ഇതിനെതിരെ സംസ്ഥാനം സുപ്രീം കോടതി മുമ്പാകെ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി.

കൂടാതെ വിജിലൻസ് റിപ്പോർട്ടും മറ്റു നിയമലംഘനങ്ങളും സംസ്ഥാനം കേന്ദ്ര സർക്കാരിനെ കാലാകാലങ്ങളിൽ അറിയിക്കുകയുണ്ടായി. ഈ ലോട്ടറികൾ ലോട്ടറീസ് റഗുലേഷൻ ആക്ട് വകുപ്പ് 5 പ്രകാരം നിരോധിക്കണം എന്നും ആവശ്യപ്പെട്ടു. ലോട്ടറി നടത്തിപ്പ് സംസ്ഥാനങ്ങളുടെയും ഭൂട്ടാന്റെ കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിലും കൊണ്ടുവന്നിട്ടുണ്ട്. 1998-ൽ നിവവിൽ വന്ന കേന്ദ്ര ലോട്ടറി നിയമത്തിന് ചട്ടങ്ങൾ നിലവിൽ വരുന്നത് 1-4-2010-ൽ മാത്രമാണ്. ഈ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരമുള്ള വസ്തുതകൾ ഹാജരാക്കുവാൻ പ്രൊമോട്ടർമാരോട് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് നിയമത്തിലും ചട്ടങ്ങളിലും ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

ഓർഡിനൻസിലെ വ്യവസ്ഥകൾ പാലിക്കാത്തതുമൂലം ഭൂട്ടാൻ ലോട്ടറിയുടെ അഡ്വാൻസ് നികുതി തിരിച്ചുനൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly